പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2728** — **10.12.2014** ൽ മറുപടിക്ക്

**മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിൽ പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിനു നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ, കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കണ്ണൂർജില്ലയിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന എട്ടിക്കുളം മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 42.61 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കേന്ദ്രസർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഇതിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തികളുടെ പുനരുദ്ധാരണത്തിനായി 471 ലക്ഷം രൂപയുടെ 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.<br>നീരൊഴുക്ക് ചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ. 100/400 കി.മീറ്ററിനും 100/850 കി.മീറ്ററിനും ഇടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ. 100/200 കി.മീ. മുതൽ 100/264 കി.മീ. വരെ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ? | (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരണ നടപടികൾ പൂർത്തിയാക്കി ടെൻണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ